**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2309** **13-09-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിലെ ഒ.പി. സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ ഒ.പി. സംവിധാനം സുതാര്യവും വേഗത്തിലും ആക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | ഇ-ഹെൽത്ത് സംവിധാനത്തിലൂടെ ഓൺലൈൻ അപ്പോയ്ന്റ്മെൻറ് പദ്ധതി നടപ്പാക്കിയിട്ടുള്ള ആശുപത്രികളിൽ കൺസൾട്ടേഷൻ, ലബോറട്ടറി റിപ്പോർട്ടുകൾ (SMS അലേർട്ട്), പേഷ്യന്റ് രജിസ്ട്രേഷൻ, ടോക്കൺ അധിഷ്ഠിത ക്യൂ നിയന്ത്രണം, റഫറൽ& അഡ്വാൻസ് ബുക്കിംഗ്, ഫാർമസി, ബില്ലിംഗ്, ഇൻ-പേഷ്യന്റ് മാനേജ്മന്റ് (ഡയറ്റ് മാനേജ്മന്റ്, ബെഡ് മാനേജ്മന്റ്, വാർഡ്/ ബെഡ് ട്രാൻസ്ഫർ), ഡിസ്ചാർജ് സമ്മറി എന്നീ സേവനങ്ങൾ നൽകുന്നത് വഴി കൃത്യമായ രോഗനിർണ്ണയം നടത്തുന്നതിനും മെച്ചപ്പെട്ട ചികിത്സ പ്രദാനം ചെയ്യുന്നതിനും സാധ്യമാകുന്നതാണ്. ഒ.പി.കളിൽ തിരക്ക് നിയന്ത്രിക്കുന്നതിനും അനാവശ്യ കാലതാമസം ഒഴിവാക്കുന്നതിനും കഴിഞ്ഞതോടെ സുഗമമായ ചികിത്സയ്ക്ക് വഴിയൊരുങ്ങിയിട്ടുണ്ട്. കുട്ടികൾ, ഗർഭിണികൾ, ടി.ബി. രോഗികൾ, വൃദ്ധജനങ്ങൾ, വികലാംഗർ എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണനാക്രമത്തിൽ ഒ.പി. സേവനം ലഭ്യമാക്കുന്നതിനായി ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഒ.പി.ടിക്കറ്റ് ഓൺലൈൻ വഴി എടുക്കുന്നതിന് നിലവിൽ സംവിധാനം ഉണ്ടോ; | (ബി) | ഉണ്ട്. പൊതുജനങ്ങൾക്ക് ഇ-ഹെൽത്ത് വെബ് പോർട്ടൽ (https://ehealth.kerala.gov.in/) മുഖേന ഓൺലൈൻ അപ്പോയ്ന്റ്മെൻറ് ബുക്കിങ്ങിനുള്ള സൗകര്യം ലഭ്യമാണ്. |
| (സി) | ഇ-ഹെൽത്ത് പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് 2016-ൽ പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള എല്ലാ ശ്രേണിയിലുംപെട്ട 12 സർക്കാർ ആശുപത്രികളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച ഇ-ഹെൽത്ത് പദ്ധതി സംസ്ഥാനത്തൊട്ടാകെയുള്ള 696 ആശുപത്രികളിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇപ്പോൾ 594 ആശുപത്രികളിൽ ഇ-ഹെൽത്ത് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇതിൽ |

| | | | | |
|---|---|---|---|---|
| | | | | 373 ആരോഗ്യസ്ഥാപനങ്ങളിൽ ഇ-ഹെൽത്ത് സംവിധാനം ആരംഭിച്ചത് കഴിഞ്ഞ രണ്ട് വർഷ കാലയളവിലാണ്. 300 എണ്ണം കടലാസുരഹിതമായിട്ടാണ് പ്രവർത്തിക്കുന്നത്. ശേഷിക്കുന്ന 102 ആശുപത്രികളിൽ 57 ആശുപത്രികളിൽ ഇ-ഹെൽത്ത് പദ്ധതിക്ക് ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നത് അന്തിമഘട്ടത്തിലാണ്. ബാക്കി വരുന്ന 45 ആശുപത്രികളിൽ വിവിധ തരത്തിലുള്ള കെട്ടിടനിർമ്മാണം നടന്നുവരുന്നതിനാൽ പദ്ധതി പൂർത്തികരണത്തിന് കാലതാമസം നേരിടുന്നു. ഓരോ ആശുപത്രിക്കും പ്രത്യേകമായി ലോക്കൽ ഏരിയ നെറ്റ് വർക്ക്, തടസ്സംകൂടാതെ വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നതിനുള്ള യു.പി.എസ്., സമർപ്പിത ബ്രോഡ്ബാൻഡ് ബന്ധം, കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഉൾപ്പെടെ സ്ഥാപിക്കേണ്ടി വരുന്നതിനാൽ ഓരോ ആശുപത്രിയുടെയും നിലവാരത്തിനും ഘടനയ്ക്കും അനുസരിച്ച് ഭാരിച്ച സാമ്പത്തിക ബാധ്യതയാണുള്ളത്. ആയതിനാൽ ഒരിക്കൽ സ്ഥാപിക്കപ്പെട്ട ഇ-ഹെൽത്ത് സംവിധാനങ്ങൾ ചെറിയ ഒരിടവേളയ്ക്കുശേഷം മാറ്റിസ്ഥാപിക്കാനോ പൂർണ്ണമായി ഒഴിവാക്കി പുതിയവ സ്ഥാപിക്കാനോ ശ്രമിച്ചാലുണ്ടാകുന്ന ധനനഷ്ടം കണക്കിലെടുത്ത് കരുതലോടെയുള്ള പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നത്. ഒരു ജില്ലയിലെ മുഴുവൻ സർക്കാർ ആശുപത്രികളിലും ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചുകഴിഞ്ഞാലും വിവിധ വികസനപദ്ധതികളുടെ ഭാഗമായി നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്ന ആശുപത്രികളിൽ നിർമ്മാണജോലികൾ പൂർത്തിയാകുന്ന മുറയ്ക്കുമാത്രമേ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കാൻ കഴിയുകയുള്ളൂ. മതിയായ അടിസ്ഥാന ഭൗതികസാഹചര്യങ്ങൾ സജ്ജമാക്കിയിട്ടുള്ള ആശുപത്രികളിൽക്കൂടി ഇ-ഹെൽത്ത് പദ്ധതി ഉടൻ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ